**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2181** | **01-09-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് അംഗൻവാടികൾ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്മാർട്ട് അംഗൻവാടികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കുമോ; | (എ) | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലായി 21.10 കോടി രൂപ വിനിയോഗിച്ച് 113 സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | 2022-23 ലെ ബഡ്ജറ്റിൽ സ്മാർട്ട് അംഗൻവാടികൾക്ക് പദ്ധതി വിഹിതമായി ഉൾപ്പെടുത്തിയിട്ടുള്ള തുക എത്രയാണ്; ആയത് വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ബി) | (ബി) 2022-23 സാമ്പത്തിക വർഷം സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി LSGD ചീഫ് എഞ്ചിനീയർ CCO ആയ 4235-02-102-87(P) ശീർഷകത്തിൽ 11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 9 കോടി രൂപ വിനിയോഗിച്ച് 49 സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാകുകയും ആയതിൽ 47 അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന 2 അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബജറ്റ് വിഹിതത്തിൽ ശേഷിക്കുന്ന തുകയ്ക്ക് ആനുപാതികമായി പ്രൊപ്പോസലുകൾ ലഭ്യമാക്കി കെട്ടിടനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ആലപ്പുഴ ജില്ലയിൽ പദ്ധതി തുക ഉപയോഗിച്ച് പുതുതായി നിർമിച്ച അംഗൻവാടികളുടെ എണ്ണം തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ? | (സി) | (സി) ആലപ്പുഴ ജില്ലയിൽ നടപ്പ് വർഷത്തെ പദ്ധതി തുക ഉപയോഗിച്ച് 2 സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം -1

| ക്രമ നം | ഐസിഡിഎസ് | പഞ്ചായത്ത് | സെന്റർ നം | വകുപ്പ് വിഹിതം |
|---|---|---|---|---|
| 1 | കഞ്ഞിക്കുഴി അഡീഷണൽ | കടയ്ക്കരപ്പള്ളി | 94 | 17,00,000/- |
| 2 | കഞ്ഞിക്കുഴി | തണ്ണീർമുക്കം | 79 | 17,00,000/- |
| ആകെ | | | | 34,00,000/- |

സെക്ഷൻ ഓഫീസർ